ഉത്തരം

(എ) കുഴൽമന്ദം മണ്ഡലത്തിൽ 317 പട്ടികജാതി കോളനികൾ ഉണ്ട്. പട്ടികവർഗ്ഗകോളനികൾ ഒന്നും ഇല്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വികേന്ദ്രീകൃതാസൂത്രണത്തെതുടർന്ന് കോളനികളുടെ വികസന പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതിനാൽ, വികസന പ്രവർത്തനങ്ങളും ഇതിനുവേണ്ടി ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനായുള്ള സാമൂഹ്യക്ഷേമ പദ്ധതികളുടെ നടത്തിപ്പ്

127 [1813] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
„ വി. കെ. ചന്ദ്രൻ:
„ ടി. കെ. ബാലൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനായുള്ള സാമൂഹ്യക്ഷേമ പദ്ധതികൾ പൂർണ്ണമായും ഇപ്പോൾ നടപ്പിൽ വരുത്തുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിരുന്ന ഏതെല്ലാം അധികാരങ്ങൾ സർക്കാർ തിരിച്ചുപിടിക്കുകയുണ്ടായി;

(സി) ക്ഷേമ പദ്ധതികൾക്കായി തന്നാണ്ടിൽ ബഡ്ജറ്റിൽ വകയിരുത്തിയ മൊത്തം തുകയിൽ വകുപ്പ് നേരിട്ട് ചെലവഴിക്കാനുദ്ദേശിച്ച തുക എത്ര; ഇതിനകം ചെലവഴിച്ചതെത്ര; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ചെലവഴിക്കുന്നതിനായി എന്ത് തുക നൽകുകയുണ്ടായി. എന്ത് തുക ഇതിനകം ചെലവഴിച്ചു;

(ഡി) മുൻ വർഷം ബഡ്ജറ്റിൽ വകയിരുത്തിയ മൊത്തം തുകയും ചെലവഴിക്കുകയുണ്ടായോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മുൻവർഷം എന്ത് തുക തിരിച്ചുപിടിക്കുകയുണ്ടായി?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അല്ല.

(ബി) അധികാരങ്ങളൊന്നും തിരിച്ചു പിടിച്ചിട്ടില്ല.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമപരിപാടികൾക്ക് നീക്കിവച്ച തുകയുടെ വിനിയോഗം

128 [1814] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ പരിപാടികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും നാളിതുവരെ എന്ത് തുക ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര ചെലവഴിച്ചു എന്നും വെളിപ്പെടുത്താമോ;

(ബി) കേന്ദ്ര പദ്ധതികളിലും സംസ്ഥാന പദ്ധതികളിലും പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനായി നീക്കിവച്ച തുക പൂർണ്ണമായും ചെലവാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്ന് വെളിപ്പെടുത്താമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ പരിപാടിയുടെ ഭാഗമായി നടത്തുന്ന ബോധവൽക്കരണ ക്ലാസുകൾക്ക് നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്നും എത്ര ക്യാമ്പുകൾ നടത്തിയെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത ക്യാമ്പുകളിൽ പ്രഭാഷണം നടത്തുന്നതിനായി എത്ര ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടെന്നും അവർക്ക് എന്തു തുക പാരിതോഷികമായും യാത്രാപ്പടിയായും നൽകിയെന്നും അറിയിക്കുമോ;

(ഇ) ഏതെല്ലാം ഉദ്യോഗസ്ഥരെയാണ് ഇതിനുവേണ്ടി നിയോഗിച്ചതെന്ന് പേരു സഹിതം വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി, സി, ഡി ആന്റ് ഇ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly